പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ഗ്രാമീണ മേഖലാ വികസനപദ്ധതികൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 128 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>" ജോസഫ് വാഴയ്ക്കൻ<br>" ടി.എൻ.പ്രതാപൻ<br>" വി.പി.സജീന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മിഷൻ 676 - ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ വികസന വകുപ്പിൻകീഴിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഗ്രാമ വികസന വകുപ്പിൻകീഴിൽ മിഷൻ 676 ൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.)<br>2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ജി.എസ്.)<br>3. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)<br>4. ബ്ളോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം. |
| (സി) | പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | മിഷൻ 676 ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന എന്നിവ നിലവിൽ വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളും പദ്ധതികളും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.<br>കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ 7 കോടി രൂപ വകയിരുത്തുന്നത് പരിശോധിച്ചുവരുന്നു.<br>പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിലേയ്ക്കായി 71.56 ലക്ഷം രൂപ രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം മാനദണ്ഡങ്ങൾ പാലിച്ച് സിഡ്കോയെ ഏൽപ്പിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് 4 ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ എടുത്തുവരുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേകൂട്ടിതന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കി പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ